LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കൺസ്യൂമർഫെഡിൽ നടന്നതായി ആരോപിക്കപ്പെട്ട അഴിമതിയെ കുറിച്ച് സംസ്ഥാന വിജിലൻസ് അന്വേഷണം നടത്തിവരുന്നു.

(ബി) അഴിമതിയുമായി ബന്ധപ്പെട്ട രേഖകളും തെളിവുകളും നശിപ്പിക്കപ്പെടാതിരിക്കാൻ കൺസ്യൂമർ ഫെഡറേഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. രേഖകൾ ഓരോ വിഭാഗത്തിലേയും ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥരുടെ പക്കലാണ്. വിജിലൻസ് അന്വേഷണം വേണമെന്നാവശ്യപ്പെട്ട് ഫെഡറേഷൻ മാനേജിംഗ് ഡയറക്ടർ നേരിട്ട് 29-5-2015, 04-6-2015, 26-6-2015, 27-7-2015 എന്നീ തീയതികളിൽ വിജിലൻസ് ഡയറക്ടർക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്. ആയതിന്മേലുള്ള അന്വേഷണം പുരോഗമിച്ചുവരുന്നു.

(സി) സഹകരണസംഘം രജിസ്ട്രാറുടെ മുൻകൂർ അനുമതി വാങ്ങാതെ പൊതുഫണ്ടിൽനിന്നും വൻ തുക ചെലവഴിച്ച് നവീകരണം, അറ്റകുറ്റപ്പണികൾ, സ്പെഷ്യൽ പ്രോജക്ടുകൾ എന്നിവ നടത്തിയത് സംബന്ധിച്ചുള്ള പരിശോധനയും കേരള സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഓപ്പറേഷൻ അന്നപൂർണ്ണയുടെ ഭാഗമായി കൺസ്യൂമർഫെഡിൽ നടത്തിയ മിന്നൽ പരിശോധനയുടെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണങ്ങൾക്ക് 22-10-2013-ൽ ഉത്തരവായിട്ടുണ്ട്.

കൺസ്യൂമർഫെഡിന്റെ സാമ്പത്തിക പ്രതിസന്ധി

177 (544) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൺസ്യൂമർഫെഡിന്റെ സാമ്പത്തിക പ്രതിസന്ധിക്കാധാരമായ കാരണങ്ങൾ വിശദമാക്കാമോ ; നിലവിൽ കടബാധ്യതകൾ എത്രയാണ് ; ഏറ്റവും ഒടുവിലത്തെ കണക്കുകൾ പ്രകാരം നഷ്ടം എത്ര രൂപയാണ്;

(ബി) കൺസ്യൂമർ ഫെഡറേഷൻ ആരിൽ നിന്നെല്ലാം എത്ര കോടി രൂപ സർക്കാർ ഗ്യാരണ്ടിയിൽ വാങ്ങിയിട്ടുണ്ട് ;

(സി) കൺസ്യൂമർ ഫെഡറേഷന്റെ പെയ്ഡ് ക്യാപ്പിറ്റൽ എത്ര ; അതിന്റെ എത്ര ഇരട്ടി നഷ്ടം നേരിടുന്നുണ്ട് ; വിശദാംശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിവിധ ഉത്സവകാലങ്ങളിൽ നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിൽപ്പന നടത്തിയയുവഴി ഉണ്ടായിട്ടുള്ള നഷ്ടം നികത്തുന്നതിന് മുൻ സർക്കാരിൽനിന്നും കടിശ്ശിക തുക ഉൾപ്പെടെ ലഭിക്കേണ്ട തുകയിൽ ഈ സർക്കാരിന്റെ കാലത്ത് നൽകിയ 254.50 കോടി രൂപ കഴിച്ച് 122.21 കോടി രൂപ ലഭിക്കുന്നതിനുള്ള കാലതാമസം, ജില്ലാ സഹകരണ ബാങ്ക്, സംസ്ഥാന സഹകരണ ബാങ്ക് എന്നിവിടങ്ങളിൽനിന്നും നാളിതുവരെ എടുത്തിട്ടുള്ള വായ്പയും പ്രാഥമിക സഹകരണ സംഘങ്ങളിൽനിന്നും സ്വീകരിച്ചിട്ടുള്ള നിക്ഷേപങ്ങളും തിരികെ നൽകാൻ കഴിയാത്തതിനാൽ ഇത്തരം സ്ഥാപനങ്ങളിൽനിന്ന് തുടർന്നും ധനസഹായം ലഭിക്കാത്ത അവസ്ഥ എന്നിവ കൺസ്യൂമർഫെഡിന്റെ സാമ്പത്തിക പ്രതിസന്ധിക്കാധാരമായ കാരണങ്ങളിൽപ്പെടുന്നു. 31-10-2015-ലെ താൽക്കാലിക ആസ്തിബാദ്ധ്യത കണക്കുപ്രകാരം ബാദ്ധ്യത 1066.02 കോടി രൂപയും 31-3-2015-ലെ താൽക്കാലിക കണക്കുകൾ പ്രകാരം സഞ്ചിതനഷ്ടം 416.23 കോടി രൂപയുമാകുന്നു.

(ബി) കൺസ്യൂമർ ഫെഡറേഷൻ തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കിൽനിന്നും സർക്കാർ ഗ്യാരന്റിയിൽ 25 കോടി രൂപ വാങ്ങിയിട്ടുണ്ട്.

(സി) കൺസ്യൂമർ ഫെഡറേഷന്റെ പിരിഞ്ഞടഞ്ഞ ഓഹരിമൂലധനം 56.52 കോടി രൂപയാണ്. അതിന്റെ 7.36 ഇരട്ടി നഷ്ടം നേരിടുന്നുണ്ട്.

കൺസ്യൂമർഫെഡിന്റെ പ്രവർത്തനം

178 (545) ശ്രീ. കെ. കഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൺസ്യൂമർഫെഡിലെ അഴിമതിക്കെതിരെ വകുപ്പുതലത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ നടപടികൾക്കൊണ്ട് എന്തെങ്കിലും പ്രയോജനം ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) കൺസ്യൂമർഫെഡിന്റെ 2011 വർഷത്തെ വിറ്റുവരവും ഈ വർഷത്തെ വിറ്റുവരവും തമ്മിലുള്ള അന്തരം എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇപ്പോൾ ഏതൊക്കെ പലവ്യഞ്ജനങ്ങളാണ് സബ്സിഡി നിരക്കിൽ കൺസ്യൂമർഫെഡ് വഴി നൽകുന്നതെന്ന് വ്യക്തമാക്കുമോ ?